(എഫ്) കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്രഗവൺമെന്റ് എന്ന് മുതലാണ് അപ്രൂവൽ നൽകിയത് ; എത്ര കാലത്തേക്ക് ; ഇപ്പോഴും അംഗീകാരം ഉണ്ടോ ;

(ജി) ഓരോ കേന്ദ്രത്തിനും അംഗീകാരം നൽകിയ തീയതിയും, എത്ര കുട്ടികളെ ഓരോ കേന്ദ്രത്തിൽ പഠിപ്പിച്ചിരിക്കണമെന്നും വ്യക്തമാക്കുന്ന കണക്ക് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്

79 (4020) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റായി എത്ര തുകയാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഗുണഭോക്താക്കളുടെ എണ്ണം എത്ര ;

(സി) 2003-04 വിദ്യാഭ്യാസ വർഷത്തിൽ എല്ലാ ഗുണഭോക്താക്കൾക്കും ലംപ്സം ഗ്രാന്റ് നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഇപ്പോൾ നൽകിവരുന്ന ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) വിവിധ കോഴ്സുകൾക്ക് വ്യത്യസ്ത നിരക്കിലാണ് ലംപ്സം ഗ്രാന്റ് നൽകുന്നത്. ലംപ്സം ഗ്രാന്റിന്റെ നിരക്ക് കാണിക്കുന്ന 12-1-2001-ലെ സർക്കാർ ഉത്തരവ് (കൈ.) 4/2001/പജ. പവ. വിവ. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പ്രീമെട്രിക് സ്റ്റഡീസ്

പട്ടികജാതി വിഭാഗം	...	420880
ഒ.ഇ.സി.	...	80013
പട്ടികവർഗ്ഗവിഭാഗം-	...	45327
പോസ്റ്റ്മെട്രിക് സ്റ്റഡീസ്		
പട്ടികജാതി വിഭാഗം	...	83822
ഒ.ഇ.സി.	...	36722
പട്ടികവർഗ്ഗവിഭാഗം	...	2213

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടികജാതി വികസന വകുപ്പിൽ 2003-04 വിദ്യാഭ്യാസവർഷത്തിൽ എല്ലാ ഗുണഭോക്താക്കൾക്കും മദ്ധ്യവേനൽ അവധി കഴിഞ്ഞ് സ്കൂൾ തുറന്ന് 15 ദിവസത്തിനകം ലംപ്സം ഗ്രാന്റ് നൽകുന്നതിന് സമയബന്ധിതമായ നടപടിക്രമം പാലിക്കുന്നതിന് എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും ലംപ്സം ഗ്രാന്റ് അർഹരായവർക്ക് ലഭിച്ചു എന്ന് ഉറപ്പ് വരുത്തുന്നതിനും തിരുവനന്തപുരം/കോഴിക്കോട് എന്നീ ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ ഓരോ അദ്ധ്യയന വർഷാരംഭത്തിലും മുൻകൊല്ലത്തെ യഥാർത്ഥ ചെലവിനോട് ആനുപാതികമായ വർദ്ധന ചേർത്തുള്ള തുക പ്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ/ പ്രോജക്ട് ഓഫീസർമാർ സ്കൂൾ തുറക്കുന്നതിന് മുൻപുതന്നെ മുൻകൂറായി മാറി വിതരണത്തിനായി സ്ഥാപനമേധാവികളെ ഏൽപ്പിക്കുകയാണ് ചെയ്തുവരുന്നത്. തുടർ വിദ്യാഭ്യാസം ചെയ്തുവരുന്ന ഷോഗേജ് വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രോജക്ട്/പ്രൈബൽ ഡെവലപ്മെന്റ് ഓഫീസുകളിൽ ലഭ്യമായതിനാൽ ഇവർക്കുള്ള ലംപ്സം ഗ്രാന്റ് അഡ്വാൻസായി അദ്ധ്യയനവർഷാരംഭത്തിൽ തന്നെ മാറി നൽകുന്നു. 2003-04 അദ്ധ്യയന വർഷത്തിലും ഈ നടപടി പട്ടികവർഗ്ഗ വികസന വകുപ്പിൽ അവലംബിച്ചിരിക്കുന്നത് എന്നാൽ ട്രഷറി നിയന്ത്രണങ്ങൾമൂലം ലംപ്സം ഗ്രാന്റ് പൂർണ്ണമായും യഥാസമയം മാറുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) ഇല്ല.

പട്ടികജാതി-പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ

80 (4021) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ഹോസ്റ്റലുകളിലുള്ള വിദ്യാർത്ഥികൾക്ക് ഏതെല്ലാം സമയത്ത് ഏതെല്ലാം ക്ലാസ്സുകളിലുള്ളവർക്കാണ് ട്യൂഷൻ നൽകുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ട്യൂഷൻ വേണ്ടപോലെ ആരംഭിച്ചില്ലെങ്കിൽ അതിനുവേണ്ട അടിയന്തിര നിർദ്ദേശം നൽകുമോ ;

ഉത്തരം

(എ) വടകര മണ്ഡലത്തിലെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ അപ്പർ പ്രൈമറി ക്ലാസ്സുകളിലെ കുട്ടികൾക്ക് രാവിലെയും ഹൈസ്കൂൾ ക്ലാസ്സുകളിലെ കുട്ടികൾക്ക് വൈകുന്നേരവും ട്യൂഷൻ നൽകുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വടകര പ്രീ-മെട്രിക് ഹോസ്റ്റലിൽ യു. പി., ഹൈസ്കൂൾ വിഭാഗം കുട്ടികൾക്ക് വൈകുന്നേരം നാലുമണിക്കുശേഷം ഒരു മണിക്കൂർ ട്യൂഷൻ നൽകുന്നുണ്ട്.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly